# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.78 28.09.2016-ൽ മറുപടിയ്ക്ക്

## കുപ്പിവെള്ള നിർമ്മാണപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ജെ. മാക്സി<br>ശ്രീ .ബി.സത്യൻ<br>ശ്രീ. പി.കെ .ശശി<br>പ്രൊഫ. കെ.യു. അരുണൻ : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ള നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | എ കേരള വാട്ടർ അതോറിറ്റിയിൽ അരുവിക്കര കുപ്പിവെള്ള നിർമ്മാണ പദ്ധതിയുടെ നിർമ്മാണ ജോലികൾ 14.01.2016-ൽ ആരംഭിച്ചിട്ടുണ്ട്. |
| ബി കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിന് പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | ബി യഥാർത്ഥ ഉൽപ്പാദന ചെലവിനെ ആധാരമാക്കി കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നതിനാൽ കമ്പോള വിലയെ അപേക്ഷിച്ച് കുറഞ്ഞ വിലയ്ക്ക് നൽകുവാൻ സാധിക്കും. കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ള സാന്നിദ്ധ്യം കമ്പോളത്തിൽ ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ വില നിയന്ത്രിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി പദ്ധതിയുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്? | സി നിർമ്മാണ പ്രവൃത്തികൾ 2017 മാർച്ച് 31-ന് മുൻപ് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

2